I/123379/2023


ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
റവന്യൂ കോംപ്ലക്സ് ,പബ്ലിക് ഓഫീസ് ബിൽഡിംഗ്
മ്യൂസിയം ജംഗ്ഷൻ ,തിരുവനന്തപുരം
മെയിൽ: lrcommissioner@gmail.com
ഫോൺ :0471-2322885


LR/9367/2022-LR(E7)

തീയതി:09-03-2023

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

(ഹാജർ :AANUPAMA T V IAS)

വിഷയം:- ജീവനക്കാര്യം- ശ്രീമതി. സിനി. എച്ച്.ഐ, വിഒ/എച്ച്സി/ആർ, കണ്ണൂർ - തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. റവന്യൂ സി വകുപ്പിൽ നിന്നുള്ള സ.ഉ. (സാധ) നം. 4625/2022/ആർഡി, തീയതി 14/11/2022

2. ഈ കാര്യാലയത്തിൽ നിന്നുള്ള 24/08/2022 ലെ എൽ ആർ ഇ7/1218/2021 നമ്പർ നടപടിക്രമം.

3. ഈ കാര്യാലയത്തിൽ നിന്നുള്ള 19/01/2023 ലെ എൽ ആർ ഇ7/1218/2021 നമ്പർ നടപടിക്രമം.

4. ഈ കാര്യാലയത്തിൽ നിന്നുള്ള 25/01/2023 ലെ എൽ ആർ /838/2023-എൽ ആർ (ഇ7) നമ്പർ നടപടിക്രമം.

5. ഈ കാര്യാലയത്തിൽ നിന്നുള്ള 23/02/2023 ലെ എൽ ആർ /1677/2023-എൽ ആർ (ഇ7) നമ്പർ നടപടിക്രമം

6. ശ്രീമതി സിനി എച്ച്.ഐ. യുടെ 21/01/2023 ലെ അപേക്ഷ.

പരാമർശം (3) പ്രകാരം 19/01/2023 ലെ VO/HC/RI തസ്തികയിൽ സ്ഥലംമാറ്റ ഉത്തരവ് പ്രകാരം കണ്ണൂർ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നും തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റം ലഭിച്ച ശ്രീമതി സിനി എച്ച്. ഐ പരാമർശം (1) സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന പ്രകാരം ഭിന്നശേഷിക്കാരിയായ തന്നെ തിരുവനന്തപുരം സ്റ്റേഷനിൽ ആർ.ഐ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിലേക്ക് മാത്രം സ്ഥലംമാറ്റത്തിനായി പരിഗണിച്ചാൽ മതിയെന്ന് പരാമർശം (6) പ്രകാരം സമർപ്പിച്ച അപേക്ഷ പരിഗണിച്ച് തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് സ്റ്റേഷനിലേയ്ക്കുള്ള ടിയാരിയുടെ സ്ഥാലമാറ്റ ഉത്തരവ് പരാമർശം (4) പ്രകാരം റദ്ദ് ചെയ്തിട്ടുള്ളതാണ്.

തിരുവനന്തപുരം സ്റ്റേഷനിലെ സ്പെഷ്യൽ തഹസിൽദാർ, എൽ.എ. കിഫ്ബി യൂണിറ്റ് 1 കാര്യാലയത്തിൽ 8.3.2023 പ്രാബല്യത്തിൽ സ്വയം വിരമിക്കൽ മുഖേന റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും ശ്രീമതി സിനി എച്ച്. ഐ. യുടെ അപേക്ഷ പരിഗണിച്ചും ടിയാൾക്ക് തിരുവനന്തപുരം സ്റ്റേഷനിൽ സ്പെഷ്യൽ തഹസിൽദാർ, എൽ.എ. കിഫ്ബി യൂണിറ്റ് 1 കാര്യാലയത്തിൽ നിലവിലുള്ള റവന്യൂ ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവിൽ നിയമനം നൽകണമെന്ന നിർദ്ദേശത്തോടെ, ശ്രീമതി സിനി എച്ച്. ഐ (പെൻ 105398) യെ കണ്ണൂർ ജില്ലയിൽ നിന്നും

I/123379/2023

തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

കണ്ണൂർ ജില്ലാ കളക്ടർ ടിയാരിയെ വിടുതൽ ചെയ്യേണ്ടതും, തിരുവനന്തപുരം ജില്ലാ കളക്ടർ നിയമനം നൽകി വിവരം ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്.

ANUPAMA T V IAS, COMMISSIONER CLR, O/o Commissioner CLR

ശ്രീമതി സിനി എച്ച്. ഐ (ജില്ലാ കളക്ടർ, കണ്ണൂർ മുഖേന)

പകർപ്പ് :-
1. ജില്ലാ കളക്ടർ, കണ്ണൂർ
2. ജില്ലാ കളക്ടർ, തിരുവനന്തപുരം
3. അസിസ്റ്റന്റ് കമ്മീഷണർ (ആർഇ) / സീനിയോരിറ്റി സെൽ
4. നോഡൽ ഓഫീസർ , സ്റ്റേറ്റ് ഐ.ടി. സെൽ ( ഉത്തരവ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും, HRMS ൽ ടിയാരിയുടെ ഓപ്ഷനുകൾ റദ്ദ് ചെയ്യുന്നതിനും)
5. കമ്മീഷണർ/ ജോയിന്റ് കമ്മീഷണർ, സി.എ. മാർ
6. അധിക/ കരുതൽ ഫയൽ

ഇത് കമ്പ്യൂട്ടർ ജനറേറ്റുചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവിശ്യമില്ല
ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

Signed by Anupama T V Ias
Date: 09-03-2023 16:43:52